**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4313** **06-03-2023 - ൽ മറുപടിയ്ക്ക്**

**ക്രിസ്തുമസ് നവവത്സര ബംബർ ലോട്ടറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം എത്ര ക്രിസ്തുമസ് നവവത്സര ബംബർ ലോട്ടറി ടിക്കറ്റുകൾ പ്രിന്റ് ചെയ്തെന്നും അതിന്റെ എത്ര ടിക്കറ്റുകൾ വിറ്റഴിച്ചുവെന്നും ഒരു ടിക്കറ്റിന്റെ വില എത്രയായിരുന്നുവെന്നും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ക്രിസ്തുമസ് നവവത്സര ബംബർ ലോട്ടറിയുടെ (BR-89) ആകെ 33,00,000 ടിക്കറ്റുകളാണ് പ്രിന്റ് ചെയ്തത്. ആയതിൽ 32,46,898 ടിക്കറ്റുകൾ വിറ്റഴിക്കപ്പെട്ടിട്ടുണ്ട്. ഒരു ടിക്കറ്റിന്റെ വില 400/- രൂപ ആയിരുന്നു. |
| (ബി) | പ്രസ്തുത ബംബർ ലോട്ടറിയുടെ വിറ്റുവരവ് എത്ര രൂപയാണെന്നും സമ്മാനഘടന എപ്രകാരമായിരുന്നുവെന്നും വ്യക്തമാക്കുമോ; | (ബി) | ക്രിസ്തുമസ് നവവത്സര ബംബർ ലോട്ടറിയുടെ (BR-89) വിറ്റുവരവ് 101,46,55,625/- ആയിരുന്നു.<br><br>സമ്മാനഘടന ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. |
| (സി) | സമ്മാന ഇനത്തിൽ ചെലവായ തുക, കമ്മീഷൻ ഇനത്തിൽ ചെലവായ തുക എന്നീ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ; | (സി) | ഭാഗ്യക്കുറി വില്പനയിൽ നിന്നുള്ള വരുമാനം, ആകെ വരുമാനം, ചെലവു കണക്കുകൾ, അറ്റാദായം എന്നിവ ഒരു സാമ്പത്തിക വർഷം കണക്കാക്കിയാണ് തയ്യാറാക്കുന്നത്. ഒരു ലോട്ടറിയിൽ നിന്നുള്ള അറ്റാദായം, കമ്മീഷൻ, സമ്മാന വിതരണയിനങ്ങളിൽ ചെലവായ തുക എന്നിവ സംബന്ധിച്ച കണക്കുകൾ തയ്യാറാക്കുന്നില്ല |
| (ഡി) | പ്രസ്തുത ബംബർ ടിക്കറ്റിലൂടെ സർക്കാരിന് ലഭിച്ച ലാഭം എത്രയെന്നും എത്ര രൂപയുടെ ടിക്കറ്റുകൾ വിറ്റഴിക്കാതെ തിരികെ ലഭിച്ചിട്ടുണ്ടെന്നും വിറ്റഴിക്കാത്ത ടിക്കറ്റിനത്തിൽ സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്നും വിശദമാക്കുമോ? | (ഡി) | ഓരോ ഭാഗ്യക്കുറിയുടെയും ലാഭം പ്രത്യേകമായി കണക്കാക്കുന്നതിന് സാധ്യമല്ല. ക്രിസ്തുമസ് നവവത്സര ബംബർ ലോട്ടറിയുടെ (BR-89) 53,102 ടിക്കറ്റുകൾ വിൽക്കപ്പെടാതെ അവശേഷിച്ചിട്ടുണ്ട്. ഇതിൽ നിന്നും സർക്കാരിന് നഷ്ടം സംഭവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| *Sl. No.* | *Category of prize* | *Details of Prize* | *Amount of Prize (₹)* | *Number of Prizes* | *Total prize Amount (₹)* | *Agent's Commission on Prize (₹)* |
|---|---|---|---|---|---|---|
| 1 | I | Common to all series | 16,00,00,000 | 1 | 16,00,00,000 | 1,60,00,000 |
| 2 | II | Two prize in each series | 1,00,00,000 | 10 | 10,00,00,000 | 1,00,00,000 |
| 3 | III | Two prize in each series | 1,00,000 | 20 | 20,00,000 | 2,00,000 |
| 4 | IV | Last Four digits to be drawn 72 times | 5,000 | Up to 64,800 | Up to 32,40,00,000 | Up to 3,24,00,000 |
| 5 | V | Last Four digits to be drawn 54 times | 3,000 | Up to 48,600 | Up to 14,58,00,000 | Up to 1,45,80,000 |
| 6 | VI | Last Four digits to be drawn 72 times | 2,000 | Up to 64,800 | Up to 12,96,00,000 | Up to 1,29,60,000 |
| 7 | VII | Last Four digits to be drawn 234 times | 1,000 | Up to 2,10,600 | Up to 21,06,00,000 | Up to 2,10,60,000 |
| **CONSOLATION PRIZE** | | | **3,00,000** | **9** | **27,00,000** | **2,70,000** |
| **TOTAL** | | | | **3,88,840** | **1,07,47,00,000** | **10,74,70,000** |

സെക്ഷൻ ഓഫീസർ